# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 6474

11-07-2012-ൽ മറുപടി പറയേണ്ടിയിരുന്നത്

### പട്ടികജാതി - പട്ടികവർഗ്ഗ അതിക്രമങ്ങൾ തടയൽ നിയമപ്രകാരമുള്ള കേസുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.വി. വിജയദാസ് : | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ((ബഹു. ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പാലക്കാട് ജില്ലയിലെ പട്ടികജാതി പട്ടികവർഗ്ഗ അതിക്രമങ്ങൾ തടയൽ നിയമ പ്രകാരമുള്ള കേസുകളിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പാലക്കാട് ജില്ല യിലെ പട്ടികജാതി പട്ടികവർഗ്ഗ ക്കാർക്കെതിരെയുള്ള അതിക്രമ ങ്ങളുമായി ബന്ധപ്പെട്ട് 88 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആയതിൽ അന്വേഷണം പൂർത്തിയാക്കി കുറ്റ ക്കാർക്കെതിരെ കുറ്റപത്രം തയ്യാറാക്കി കോടതിയിൽ സമർപ്പിച്ചിട്ടുള്ളതു മാണ്. |
| (ബി) ഇതിൽ എത്രപേരെ ശിക്ഷിച്ചിട്ടുണ്ട് ; | (ബി) ഈ കാലയളവിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകളിൽ ആരെയും ശിക്ഷിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| **(സി)** | പ്രസ്തുത കേസുകളിൽ എല്ലാ പ്രതികളേയും അറസ്റ്റു ചെയ്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ; ഇല്ലെങ്കിൽ ആയതിനുള്ള കാരണം വിശദമാക്കുമോ ; | **(സി)** | പട്ടികജാതി പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമങ്ങളുമായി ബന്ധപ്പെട്ടുള്ള കേസുകളിൽ എല്ലാ പ്രതികളേയും അറസ്റ്റ് ചെയ്യാൻ സാധിച്ചിട്ടില്ല. 58 കേസുകളിലെ പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. 30 കേസുകളിൽ പ്രതികൾ ഒളിവിലായതിനാൽ അറസ്റ്റ് ചെയ്യുവാൻ സാധിച്ചിട്ടില്ല. |
| **(ഡി)** | പ്രസ്തുത കേസുകളിൽ എല്ലാവർക്കും സമയബന്ധിതമായി ആനുകൂല്യങ്ങൾ വിതരണം ചെയ്തിട്ടുണ്ടോ; | **(ഡി)** | നിയമാനുസരണമുള്ള നടപടി ക്രമങ്ങൾ പാലിച്ച് റിപ്പോർട്ട് ചെയ്ത കേസുകളിൽ ആനുകൂല്യങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. |
| **(ഇ)** | ഇവയിൽ ആശ്രിത നിയമനം നൽകേണ്ടവർക്ക് ഇനിയും നിയമനം ലഭിക്കാനുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ? | **(ഇ)** | ഇല്ല |

[signature]

സെക്ഷൻ ഓഫീസർ